# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## കുടുംബങ്ങളെ സംരക്ഷിക്കുക: ഫ്രാൻസിസ് മാർപാപ്പ



ഫിലദൽഫിയ- കുടുംബങ്ങളുടെ നിലനിൽപ്പ് ഉറപ്പ് വരുത്തണമെന്നും കുടുംബങ്ങളുടെ കൈയിലാണ് ഭാവിയെന്നും ഫ്രാൻസിസ് മാർപാപ്പ. യു.എസ്. സന്ദർശനത്തിന്റെ അവസാനപാദത്തിൽ ഫിലദൽഫിയയിൽ എത്തിയ മാർപാപ്പ ശനിയാഴ്ച കുടുംബങ്ങളുടെ ലോകസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു.

കുടുംബത്തിൽ നാം പലപ്പോഴും വാദപ്രതിവാദം നടത്താറുണ്ട് ചിലപ്പോൾ പാത്രങ്ങൾ പറക്കും. കുട്ടികൾ ഉണ്ടാക്കുന്ന തലവേദനകൾ ഇതിനു പുറമേ - എഴുതിത്തയ്യാറാക്കിയ പ്രസംഗത്തിൽനിന്നു വ്യതിചലിച്ച് മാർപാപ്പ പറഞ്ഞു. എല്ലായ്പ്പോഴും കുരിശ് ഉണ്ടാവും. എന്നാൽ കുരിശിനുശേഷം ഉയിർപ്പുണ്ടെന്ന കാര്യം വിസ്മരിക്കരുത്. സ്നേഹത്തിലൂടെ എല്ലാ പ്രതിസന്ധികളെയും നേരിടാനാവും.

വഴക്കുണ്ടാക്കിയാൽ അതു പറഞ്ഞുതീർക്കാതെ ദിവസം അവസാനിപ്പിക്കരുതെന്നു മാർപാപ്പ ദമ്പതികളെ ഓർമ്മിപ്പിച്ചു. കുട്ടികൾക്കും പ്രായമായവർക്കും കുടുംബത്തചന്റ പ്രത്യേകപരിഗണന നൽകണം. കുട്ടികളുടെയും മുത്തച്ഛന്മാരുടെയും കാര്യത്തിൽ കരുതലില്ലാത്ത ജനങ്ങൾ ഭാവിയില്ലാത്തവരാണ്. മുന്നോട്ടു പോകാനുള്ള കരുത്തോ സ്മരണകളോ അവർക്കില്ല. കുടുംബങ്ങളെ സംരക്ഷിക്കുന്നതിൽ നമുക്ക് ബദ്ധശ്രദ്ധരാവാമെന്നു മാർപാപ്പ പറഞ്ഞു. പ്രാർത്ഥനയും സംഗീതവും കലാപരിപാടികളും സമ്പന്നമാക്കിയ കുടുംബസമ്മേളനത്തിനെത്തിയ മാർപാപ്പയ്ക്ക് അതീവ ഹൃദ്യമായ വരവേൽപാണു ലഭിച്ചത്.

ഇന്നലെ ഫിലാജൽഫിയയിലെ ഒരു ജയിലിൽ മാർപാപ്പ സന്ദർശനം നടത്തി. നീലനിറത്തിലുള്ള യൂണിഫോംധരിച്ച നൂറോളം അന്തേവാസികൾ മാർപാപ്പയെ പ്രതീക്ഷിച്ച് ജയിലിലെ ജിംനേഷ്യത്തിലുണ്ടായിരുന്നു. ജീവിതയാത്രയിൽ കാലിൽ ചെളി പുരളും. അതു കഴുകികളയണം. നമ്മൾ ഓരോരുത്തരും കഴുകലിനു വിധേയരാവണം. അദ്ദേഹം ഉദ്ബോധിപ്പിച്ചു വൈകുന്നേരം ഫിലഡൽഫിയയിലെ ബഞ്ചമിൻ ഫ്രാങ്ക്ളിൻ പാർക്കുവേയിലെ വേദിയിൽ ഫ്രാൻസിസ് മാർപാപ്പ അർപ്പിച്ച ദിവ്യബലിയിൽ ലക്ഷക്കണക്കിനു വിശ്വാസികൾ പങ്കെടുത്തു.

'മുഖ്യദൂതന്മാരായ- വിശുദ്ധ മിഖായേൽ , വിശുദ്ധ ഗബ്രിയേൽ വിശുദ്ധ റാഫേൽ എന്നിവരുടെ

മാധ്യസ്ഥം എന്നും നിന്റെ കൂടെ ഉണ്ടായിരിക്കട്ടെ തിരുനാളിന്റെ എല്ലാ മംഗളങ്ങളും ഏറെ സ്നേഹത്തോടെ നേരുന്നു!'

1. വിശുദ്ധ മിഖായേൽ-മാലാഖമാരിൽ പ്രധാനപ്പെട്ടവൻ.'ദൈവത്തെപ്പോലെ എന്നാണ് ഈ പേരിന്റെ അർത്ഥം. എല്ലാ തിന്മകളിൽനിന്നും നമ്മളെ കാത്തുരക്ഷിക്കുക എന്നതാണ് ഈ മാലാഖയുടെ ദൗത്യം. ഈ മാലാഖയെപ്പറ്റി ബൈബിളിൽ - ദാനിയേൽ - 10:13,21,12:1 യൂദാസിന്റെ ലേഖനം - 1:9 വെളിപാടിന്റെ പുസ്തകം - 12:7 എന്നിവിടങ്ങളിൽ പ്രദിപാദിക്കുന്നു.

വിശുദ്ധ ഗബ്രിയേൽ-'ദൈവമാണ് എന്റെ ശക്തി, ദൈവത്തിന്റെ ശക്തിയുള്ളവൻ' എന്നൊക്കെയാണ് ഈ പേരിനു അർത്ഥം. ദൈവത്തിന്റെ സന്ദേശം മനുഷ്യരിൽ എത്തിക്കുക എന്നതാണ് ഈ മാലാഖയുടെ ദൗത്യം പരിശുദ്ധ മറിയത്തെ മംഗള വാർത്ത അറിയിച്ചത് ഈ മാലാഖയാണ്. ബൈബിളിൽ ദാനിയേൽ - 8:9 ലൂക്കാ 1:11-20, 1:26-38.

വിശുദ്ധ റാഫേൽ-'സൗഖ്യത്തിന്റെ മാലാഖ' എന്നറിയപ്പെടുന്നു. ശാരീരികമായും ആത്മീയമായും വേദനിക്കുന്നവരെ ആശ്വസിപ്പിക്കുക എന്നതാണ് ഈ മാലാഖയുടെ ദൗത്യം. ഗദ്സേമൻ തോട്ടത്തിൽ പ്രാർത്ഥിക്കുമ്പോൾ ചോരവിയർത്ത ഈശോയെ ആശ്വസിപ്പിച്ചത് ഈ മാലാഖയാണെന്നു വിശ്വസിക്കുന്നു.
ബൈബിളിൽ - തോബിത് 12.